(ബി) ഓരോ രോഗ ചികിത്സയ്ക്കും എത്ര രൂപവരെ ധനസഹായം നൽകാറുണ്ട് ;

(സി) അപേക്ഷ സമർപ്പിക്കാൻ പ്രത്യേക ഫോറം നിഷ്കർഷിച്ചിട്ടുണ്ടോ ;

(ഡി) എന്തെല്ലാം രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട് ;

(ഇ) ഫാറത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(എഫ്) ധനസഹായം ലഭിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണ് പരിധി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാൻസർ, ഹൃദ്രോഗം, ക്ഷയം, ദീർഘകാല ചികിത്സ വേണ്ടി വരുന്ന മറ്റ് രോഗങ്ങൾക്കുള്ള ചികിത്സ, ചെലവ് കൂടിയ ശസ്ത്രക്രിയകൾ, ഡയാലിസിസ് തുടങ്ങിയവയ്ക്ക് ധനസഹായം നൽകിവരുന്നു.

(ബി) ഓരോ രോഗത്തിനും പ്രത്യേക നിരക്ക് നിശ്ചയിച്ചിട്ടില്ല. രോഗത്തിന്റെ കാഠിന്യം ഡോക്ടറുടെ സർട്ടിഫിക്കറ്റ് മറ്റ് അനുബന്ധരേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി 25,000 രൂപവരെ ധനസഹായം നൽകാറുണ്ട്.

(സി) ഉണ്ട്.

(ഡി) (i) മെഡിക്കൽ സർട്ടിഫിക്കറ്റ്.

(ii) ജാതി സർട്ടിഫിക്കറ്റ്.

(iii) വരുമാന സർട്ടിഫിക്കറ്റ്

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(എഫ്) ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വാർഷിക കുടുംബ വരുമാനം 25,000 രൂപയിൽ കവിയാൻ പാടില്ല. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.

സ്കൂൾ-കോളേജ്-പ്രൊഫഷണൽ തലങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

117 (4725) ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ-കോളേജ്-പ്രൊഫഷണൽ തലങ്ങളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുന്നതിനും, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം എത്തിച്ചുകൊടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അത് പരിഹരിക്കുവാനായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രീ മെട്രിക് തലത്തിൽ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 95 രൂപ മുതൽ 220 രൂപ വരെ ലംപ്സംഗ്രാന്റും നൽകിവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റും ലോവർ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് വാർഷിക ഗ്രാന്റായി 100 രൂപ വീതവും നൽകിവരുന്നു. 4-ാം ക്ലാസിലും 7-ാം ക്ലാസിലും പഠിക്കുന്നവരും പഠനത്തിൽ മികവ് പുലർത്തുന്നവരുമായ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും പരാധീനതകൾ പരിഹരിക്കുന്നതിനുമായി ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് സ്കോളർഷിപ്പുകൾ അനുവദിച്ച് നൽകിവരുന്നു. ഈ പദ്ധതി പ്രകാരം പരാധീനതയനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റും ട്യൂഷൻ ഫീസ്, യൂണിഫോം, പുസ്തകങ്ങൾ, റഫറൻസ് ബുക്കുകൾ, പഠനത്തിനാവശ്യമായ മേശ, കസേര എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം വിദ്യാർത്ഥികളുടെ ഭക്ഷണത്തിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് പോഷകാഹാരത്തിനുള്ള ധനസഹായം, കരിയർ ഗൈഡൻസ് വാങ്ങുന്നതിനുള്ള ധനസഹായം തുടങ്ങിയവ നൽകിവരുന്നു. സംസ്ഥാന തലത്തിൽ പ്രവേശന പരീക്ഷ നടത്തി 4-ാം സ്റ്റാൻഡേർഡിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങി പാസ്സാകുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാർക്കിന്റെ അടിസ്ഥാനത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശനം നൽകി വരുന്നുമുണ്ട്. പ്രീ മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന 5 മുതൽ 10 വരെ ക്ലാസ്സുകളിലെ പട്ടിക വിഭാഗം കുട്ടികൾക്ക് പ്രത്യേക ട്യൂഷനും നൽകി വരുന്നുണ്ട്. പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾ അനുസരിച്ച് മിനിമം 475 രൂപ മുതൽ മാക്സിമം 1375 രൂപ വരെ വ്യത്യസ്ത നിരക്കിൽ ലംപ്സം ഗ്രാന്റ് നൽകി വരുന്നുണ്ട്. അതോടൊപ്പം ദിവസേന വീട്ടിൽ നിന്ന് പോയിവരുന്നവരിൽ 8 കിലോമീറ്ററിന് ഉള്ളിൽ താമസിക്കുന്നവർക്ക് പ്രതിമാസം 270 രൂപ വീതവും 8 കിലോമീറ്ററിന് വെളിയിൽ താമസിക്കുന്നവർക്ക് പ്രതിമാസം 315 രൂപ ക്രമത്തിലും സ്റ്റൈപന്റ് നൽകി വരുന്നുണ്ട്. അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണ ചെലവ് നൽകുന്നുണ്ട്. കൂടാതെ ഇവർക്ക് വ്യത്യസ്ത നിരക്കിൽ പോക്കറ്റ് മണിയും നൽകുന്നുണ്ട്. പാഠ്യപദ്ധതിയുടെ ഭാഗമായി പഠനപര്യടന പരിപാടിയും ഇവർക്കായി സംഘടിപ്പിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എസ്.എസ്.എൽ.സി., പ്ലസ് ടു, റ്റി.റ്റി.സി., പോളിടെക്നിക്, വി.എച്ച്.എസ്.ഇ., ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേറ്റ്, ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നത വിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് 750 രൂപ മുതൽ 2000 രൂപ വരെ പ്രോത്സാഹന സമ്മാനം അനുവദിച്ച് നൽകിവരുന്നുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പ്രത്യേക കലാ-കായിക മേളകൾ

118 (4726) ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പ്രത്യേക കലാ-കായിക മേളകൾ സംഘടിപ്പിക്കാറുണ്ടോ ;

(ബി) മേളകളുടെ നടത്തിപ്പിന്റെ ചുമതല ആർക്കാണെന്നും രീതി എങ്ങനെയാണെന്നും വ്യക്തമാക്കാമോ ;

(സി) ഒടുവിൽ നടന്ന മേളയിൽ വിവിധ തലങ്ങളിൽ പങ്കെടുത്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി) മത്സരവിജയികൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളും പാരിതോഷികങ്ങളും ആണ് നൽകുന്നതെന്ന് അറിയിക്കുമോ ;

(ഇ) ഓരോ വർഷവും മേളയുടെ ചെലവിലേക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ട് ; ഈ വർഷം വിവിധ ജില്ലകളിൽ ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടാണ് മേള സംഘടിപ്പിക്കുന്നത്. ജില്ലാതലത്തിൽ മത്സരങ്ങൾ ആദ്യം സംഘടിപ്പിക്കുകയും ഒന്നാംസ്ഥാനം ലഭിക്കുന്നവരെ പങ്കെടുപ്പിച്ച് സംസ്ഥാന തലത്തിൽ സംസ്ഥാന യുവജനോത്സവം സംഘടിപ്പിക്കുകയും ചെയ്യുന്നു. പങ്കെടുക്കുന്നവരുടെ യാത്രാച്ചെലവും താമസവും സൗജന്യമായിരിക്കും.

(സി) ഒടുവിൽ നടന്ന മേളയിൽ വിവിധ തലങ്ങളിൽ പങ്കെടുത്തവരുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ പറയുന്ന വിധത്തിലാണ് :

1.	തിരുവനന്തപുരം	-	38
2.	കൊല്ലം	-	57
3.	പത്തനംതിട്ട	-	8
4.	കോട്ടയം	-	18

LIBRARY ARCHIVES Kerala Legislative Assembly